ശ്രദ്ധ ക്ഷണിക്കൽ

(1) പരിസ്ഥിതി നയം

ശ്രീ. പാലോട് രവി: സർ, പരിസ്ഥിതിക്ക് ഉണ്ടാകുന്ന ആഘാതം താങ്ങാവുന്നതിലധികമാകുകയും ആഗോളതാപനവ്യതിയാനത്തിന്റെ അടിസ്ഥാനത്തിൽ ജൈവസമ്പത്തുകൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗുരുതരമായ പ്രത്യാഘാതം കൂടി കണക്കിലെടുത്തുകൊണ്ട് വിഷൻ 2030-ന്റെ ഭാഗമായി ഒരു പരിസ്ഥിതിനയം രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്. സംസ്ഥാനത്തിന് ഒരു പരിസ്ഥിതി അനുകൂല ഭൂനയം (ലാന്റ് പോളിസി) അത്യന്താപേക്ഷിതമാണ്. 2009-ൽ കേരളത്തിലെ വിദഗ്ദ്ധരും ശാസ്ത്രജ്ഞന്മാരും ചേർന്നുണ്ടാക്കിയ ഒരു കരട് ഭൂനയ രേഖ ഇപ്പോഴും ഫയലിൽ ഉറങ്ങുകയാണ്. അടിയന്തരമായി ചർച്ചയ്ക്കെടുത്ത് സമഗ്രമായ ഒരു പരിസ്ഥിതി അനുകൂല ഭൂനയത്തിന് രൂപം നൽകണം. പരിസ്ഥിതി വിദഗ്ദ്ധരേയും ശാസ്ത്രജ്ഞന്മാരേയും പ്ലാനിംഗ് ബോർഡിലെ ഉദ്യോഗസ്ഥരേയും ജനപ്രതിനിധികളേയും പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചകൾ നടത്തി അടിയന്തരമായി പരിസ്ഥിതി അനുകൂല ഭൂനയം വിജ്ഞാപനം ചെയ്യണം. ഇതിനായി നിയമസഭയുടെ പ്രത്യേക സമ്മേളനം വിളിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. പാരിസ്ഥിതിക ആരോഗ്യമാണ് നമ്മുടെ സാമ്പത്തിക ആരോഗ്യത്തിന് അടിസ്ഥാനം. അത് ഉറപ്പുവരുത്തുന്നതും അതിന്റെ തുടർച്ച നിലനിറുത്തുന്നതുമാകണം ഇനിയുള്ള വികസനനയം. ഇന്ന് അഭിമുഖീകരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ അപഗ്രഥിക്കാനും അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനും പാരിസ്ഥിതിക ചരിത്രപരമായ

ഒരു പരിപ്രേക്ഷ്യം അത്യാവശ്യമാണ്. പ്രശസ്ത പാരിസ്ഥിതിക ശാസ്ത്രജ്ഞനായ മാധവ് ഗാഡ്ഗിലും സാമൂഹ്യശാസ്ത്രജ്ഞനായ രാമചന്ദ്ര ഗുഹയും അടക്കം നിരവധി വിദഗ്ദ്ധർ വനസംരക്ഷണത്തിനുവേണ്ടിയും ആധുനിക ഭാരതത്തിലെ പാരിസ്ഥിതിക പരിവർത്തനവും സാമൂഹിക സംഘട്ടനവും പുസ്തകങ്ങളിലൂടെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കേരളം പശ്ചിമഘട്ട ത്തിന്റെ തണലിൽ അറബിക്കടലിന്റെ തീരത്തുള്ള ജൈവവൈവിധ്യങ്ങൾ നിറഞ്ഞ ഒരു നാടാണ്. പ്രത്യേക കാലാവസ്ഥയും പ്രകൃതിരമണീയതയും എക്കാലത്തും നമ്മുടെ ശക്തിയായിരുന്നു. എന്നാൽ ഇന്ന് കേരളം ഒരു വരൾച്ചാ സംസ്ഥാനമാണ് എന്നത് ഞെട്ടിപ്പിക്കുന്ന വസ്തുതയല്ലേ. 3000 മില്ലീ ലിറ്റർ മഴ ലഭിക്കുന്ന സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായൊരു പ്രശ്നമാണ് എന്നതാണ് വൈരുദ്ധ്യം. ഒരു കാലത്ത് ലോകത്തിന് തന്നെ മാതൃകയായ വികസന മോഡൽ മുന്നോട്ടുവയ്ക്കാൻ കഴിഞ്ഞ കേരളം ഇന്ന് തകർച്ചയുടെ വക്കിലാണ്. പാരിസ്ഥിതികമായ തകർച്ചയാണ് അതിലേറ്റവും പ്രധാനം. സംസ്ഥാനത്തിന്റെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്ന തരത്തിൽ പരിസ്ഥിതിക്ക് ഉണ്ടാകുന്ന തകർച്ചയും നാശവും സംഭവിച്ച് കഴിഞ്ഞു. പ്രകൃതിക്ഷോഭം കൊണ്ടല്ല മനുഷ്യരുടെ അശാസ്ത്രീയവും അന്യായവുമായ ചൂഷണം മൂലമാണ് ഈ തകർച്ച സംഭവിച്ചിരിക്കുന്നത് എന്നതാണ് പ്രധാനകാരണം. അതിനാൽ സംസ്ഥാനത്തിന്റെ ശോഭനമായ പാരിസ്ഥിതിക തകർച്ച ഗൗരവമായി ചർച്ച ചെയ്യേണ്ടതാണ്. തെറ്റായ വികസനനയങ്ങൾ തിരുത്തി ദീർഘകാലത്തേയ്ക്ക് സംസ്ഥാനത്തിന്റെ വികസനത്തിനുതകുന്ന, പരിസ്ഥിതിയുടെ പുന:സ്ഥാപനത്തിലും സംരക്ഷണ ത്തിലും ഊന്നിയ ഒരു വികസന പദ്ധതി ആവിഷ്കരിക്കേണ്ട കാലം അതിക്ര മിച്ചിരിക്കുന്നു. 44 നദികളാണ് കേരളത്തിന്റെ ഞരമ്പുകൾ അഥവാ നാഡി

കൾ. പശ്ചിമഘട്ടത്തിൽ നിന്ന് ഉത്ഭവിച്ച് അറബിക്കടലിൽ പതിക്കുന്ന 41 നദികളാണ് നമ്മുടെ സാമൂഹ്യസുസ്ഥിരത ഉറപ്പ് വരുത്തുന്നത്. കുടിവെള്ള ദായിനിയാണ് ഈ നദികളെല്ലാം. ഈ നദികൾ പൂർണ്ണമായും സംസ്ഥാനത്തിന്റെ ഭക്ഷ്യ-ജലസുരക്ഷ ഉറപ്പ് വരുത്തുന്നത് നെൽവയൽ-തണ്ണീർത്തടങ്ങളിലൂടെയാണ്. അരി മുഖ്യ ആഹാരമാക്കിയ മലയാളിക്ക് നെൽക്കൃഷി ജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ഭാഗമാണ്. കഴിഞ്ഞ 40 വർഷമായി നെൽവയലുകളും തണ്ണീർത്തടങ്ങളും നശിപ്പിക്കപ്പെടുകയാണ്. അടുത്തിടെ വ്യാപകമായ നാശമാണ് പരിസ്ഥിതി മേഖലയ്ക്കുണ്ടാകുന്നത്. 1970-71-ൽ 2.1 കോടി ജനസംഖ്യമാത്രമുണ്ടായിരുന്നപ്പോൾ 8.75 ലക്ഷം ഹെക്ടറിൽ നെൽക്കൃഷി ഉണ്ടായിരുന്നു. 13.65 ലക്ഷം ടൺ നെല്ലുൽപ്പാദിപ്പിച്ചു. 1980-81-ൽ 2.54 കോടി ജനസംഖ്യയായിരുന്നപ്പോൾ 8.2 ലക്ഷം ഹെക്ടറിൽ നിന്നും 12.72 ലക്ഷം ടൺ നെല്ലുൽപ്പാദനമുണ്ടായിരുന്നു. എന്നാൽ 199091 ആയപ്പോൾ കൃഷിസ്ഥലം 5.59 ലക്ഷം ആകുകയും ഉൽപ്പാദനം 10 ലക്ഷം ടൺ ആയി ചുരുങ്ങുകയും ചെയ്തു. വ്യാപകമായ വയൽ നികത്തലും മറ്റുമായി 2001 ആയപ്പോൾ കൃഷിസ്ഥലം 3 ലക്ഷം ഹെക്ടറാകുകയും ഇന്നത് 2 ലക്ഷം ഹെക്ടറായി ചുരുങ്ങിയിരിക്കുകയുമാണ്. 197071 കാലഘട്ടത്തിൽ ഒരു ഹെക്ടർ വയൽ 24 ആളുകൾക്ക് ഭക്ഷണം നൽകേണ്ടിയിരുന്നുവെങ്കിൽ ഇന്നത് 160 ആളുകൾക്ക് ഭക്ഷണം നൽകേണ്ട ഗുരുതരമായ തകർച്ചയാണ് സംഭവിച്ചിരിക്കുന്നത്. 8.75 ലക്ഷം ഹെക്ടർ എന്നത് 2 ലക്ഷം ഹെക്ടറായി ചുരുങ്ങിയതിനാൽ ഭക്ഷ്യസുരക്ഷ തന്നെ പ്രതിസന്ധിയിലായിരിക്കുകയാണ്. ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ച് ഉൽപ്പാദനം കൂട്ടേണ്ടതിനുപകരം നാലിലൊന്നായി ചുരുങ്ങിയിരിക്കുകയാണ്. നെൽവയലുകൾ ഭക്ഷ്യഉൽപ്പാദനത്തിന് മാത്രമല്ല കുടിവെള്ള സംരക്ഷണത്തിനുവേണ്ടി കൂടിയാണ്. ഒരേക്കർ

വയൽ ഒരു വർഷം 5 കോടി ലിറ്റർ ജലമാണ് ഭൂമിയിൽ സംഭരിക്കുന്നത്. മറ്റ് പരിസ്ഥിതി സേവനങ്ങൾ ഇതിനുപുറമെയാണ്. നദികൾ തടയണകൾ നിർമ്മിച്ച് സംരക്ഷിക്കുന്നതിന്റെ എത്രയോമടങ്ങ് ജലമാണ് നീർത്തടങ്ങൾ ഭൂമിയിൽ സംരക്ഷിക്കുന്നത്. ഈ സൗജന്യസേവനം ചെയ്യുന്ന വയലുകൾ വികസനത്തിന്റെ പേരിൽ നികത്തിയാൽ ഭാവിയിൽ കുടിവെള്ളം കിട്ടാതെ ജനം വലഞ്ഞ് മരിക്കും. ഈ സ്ഥിതി മുൻകൂട്ടി കണ്ട് നാം വയലുകൾ സംരക്ഷിക്കുകയും വയലുകൾ സംരക്ഷിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകുകയും വേണം. നെൽവയൽ–നീർത്തട സംരക്ഷണ നിയമം കാര്യക്ഷമ മായി നടപ്പിലാക്കാൻ കഴിയാത്തത് ഡാറ്റാ ബാങ്ക് വിജ്ഞാപനം വൈകിയതി നാലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഞാൻ ഓർമ്മിപ്പിക്കുകയാണ്. അടിയന്തരമായി ഡാറ്റാ ബാങ്ക് കുറ്റമറ്റ രീതിയിൽ വിജ്ഞാപനം ചെയ്ത് അവശേഷിക്കുന്ന വയലുകളെ സംരക്ഷിക്കുകയാണ് ചെയ്യേണ്ടത്. മലയാളികൾ അധികവും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് കിണറുക ളെയാണ്. ഭൂമിയിൽ വീഴുന്ന മഴവെള്ളം പാഴാക്കിക്കളയാതെ എല്ലാ കെട്ടിട ങ്ങളിലും സംഭരിക്കുന്നതിനും അതുപോലെ മഴവെള്ളം ഭൂമിയിൽ താഴാനു മുള്ള സംവിധാനമുണ്ടാക്കണം. ഭൂമിയുടെ ജലനിരപ്പ് നിലനിർത്തിയില്ലെങ്കിൽ കുടിവെള്ള ലഭ്യത പ്രതിസന്ധിയിലാകും. അതുമൂലം സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത സംസ്ഥാനത്തിന്റെ ബഡ്ജറ്റിനെപ്പോലും അവ താളത്തിലാക്കും. 2030 ആകുമ്പോഴേക്കും മഴവെള്ളം പൂർണ്ണമായി മണ്ണിൽ സംഭരിക്കാൻ കഴിഞ്ഞാൽ കുടിവെള്ളം ഒരു പ്രശ്നമല്ലാതാകുമെന്ന് മാത്രമല്ല മറ്റ് സംസ്ഥാനങ്ങൾക്കുകൂടി കുടിവെള്ളം നൽകാൻ കഴിയുന്ന ഒരു സംസ്ഥാ നമായി കേരളം മാറും. ഇടനാടൻ കുന്നുകൾ കേരളത്തിന്റെ പാരിസ്ഥിതിക

നിലനിൽപ്പിന് വലിയ പങ്ക് വഹിക്കുന്നുണ്ട്. ജലസംഭരണ-കാലാവസ്ഥാ സന്തുലന കേന്ദ്രങ്ങളാണ് ഓരോ കുന്നുകളും. ഇപ്പോൾ മണ്ണ് മാഫിയകൾ കുന്നുകൾ വ്യാപമായി നശിപ്പിക്കുന്നു. ദിവസങ്ങൾക്കുള്ളിലാണ് ഓരോ കുന്നും അപ്രത്യക്ഷമാകുന്നത്. മണ്ണ് മാഫിയ നടത്തുന്ന അശാസ്ത്രീയമായ കുന്നിടിക്കൽ കേരളത്തിന്റെ ഭൂമിശാസ്ത്രംതന്നെ തകർക്കുകയാണ്. നശിപ്പി ക്കപ്പെടുന്ന ജൈവ വൈവിധ്യത്തിന്റെ മൂല്യം വിലമതിക്കാനാകാത്തതാണ്. ഇത് തടയാൻ അടിയന്തര നടപടിയെടുക്കണം. ഇക്കാര്യം ഗൗരവമായി കാണ ണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നെൽവയലുകളും നീർത്തടങ്ങളും നികത്തിയും കുന്നുകളും മലകളും ഇടിച്ചുനിരത്തിയും കൊണ്ടുവരുന്ന വിമാ നത്താവളം പോലുള്ള വൻകിട നിർമ്മാണ പദ്ധതികളൊന്നുംതന്നെ കേരള ത്തിന് ഇനി താങ്ങാൻ പറ്റുന്നതല്ലെന്ന് പറയാൻ ഞാനീ അവസരം വിനിയോ ഗിക്കുകയാണ്. അത്തരം നടപടികൾ കേരളത്തിന് ദോഷകരമാണെന്ന് തിരിച്ച റിയാൻ നാം പുതിയൊരു നയം രൂപപ്പെടുത്തണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് കേരളത്തിന്റെ ഭാവിക്കാവശ്യമായ ഭൂനയമുണ്ടാക്കിയെടു ക്കാൻ ഭരണപക്ഷവും പ്രതിപക്ഷവും ചേർന്ന് ഒരു പ്രത്യേക നിയമസഭാ സമ്മേളനം വിളിക്കണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെ ടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. പാലോട് രവി ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി അവതരിപ്പിച്ച വിഷയം വളരെ ഗൗരവമേറിയതാണ്. പരിസ്ഥിതി സംരക്ഷണം ഈ കാലഘട്ടത്തിൽ വളരെയേറെ പ്രധാനപ്പെട്ട വിഷയമാണ്. പക്ഷേ പരിസ്ഥിതി സംരക്ഷണം എപ്പോഴും നമുക്ക് പ്രായോഗികമായിരിക്കണം. അദ്ദേഹം ശ്രീ. മാധവ് ഗാഡ്ഗിലിന്റെ പേരുകൂടി പരാമർശിച്ചു. ശ്രീ. മാധവ് ഗാഡ്ഗിൽ റിപ്പോർട്ട്

എല്ലാ സംസ്ഥാനങ്ങളിലും വളരെയേറെ വിവാദമായിട്ടുണ്ട്. അത് കേരളം പൂർണ്ണമായും തള്ളിക്കളയുകയല്ല, പ്രായോഗികമായ സമീപനമാണ് ഇക്കാര്യ ത്തിൽ വേണ്ടത്. മണ്ണും മണലും കരിങ്കല്ലുമില്ലാതെ ഒരു നിർമ്മാണ പ്രവർത്ത നവും നടത്താൻ സാധിക്കുകയില്ല. ഇവയെല്ലാം അമിതമായി ചൂഷണം ചെയ്യു ന്നത് പരിസ്ഥിതിയെ ബാധിക്കുകയും ചെയ്യും. നമുക്ക് കാലഘട്ടത്തിനനുസരി ച്ചുള്ള വികസനവും നിർമ്മാണ പ്രവർത്തനങ്ങളും ആവശ്യമാണ്. പക്ഷേ അതിന് ഏറ്റവും ആവശ്യമായ മൂന്ന് കാര്യങ്ങൾ കൂടുതലായി ചൂഷണം ചെയ്താൽ അത് പരിസ്ഥിതിയെ വളരെ ദോഷകരമായി ബാധിക്കും. അതു കൊണ്ട് പ്രായോഗികമായ ഒരു സമീപനമുണ്ടാകണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. സംസ്ഥാനത്തിന് പൊതുവായി ബാധകമാകുന്ന പരി സ്ഥിതി നയം 2009-ൽ സർക്കാർ അംഗീകരിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ നയ ത്തിൽ വിഭാവന ചെയ്തിട്ടുള്ള പല തന്ത്രങ്ങളും കർമ്മ പദ്ധതികളും നടപ്പാ ക്കാൻ ആരംഭിച്ചിട്ടേയുള്ളൂ. എന്നാൽ കാലിക പ്രാധാന്യമുള്ള കാലാവസ്ഥ വ്യതിയാനം മുതലായ ചില അത്യാവശ്യ ഘടകങ്ങൾ ഉൾപ്പെടുത്തി സംസ്ഥാന പരിസ്ഥിതി നയം പുതുക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്. അതി നായി ബന്ധപ്പെട്ട വകുപ്പുകൾ, സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ എന്നിവരുമായി ചർച്ച നടത്തി നിർദ്ദേശങ്ങൾ രൂപീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള നയസമീപനങ്ങൾ പുതുക്കിയ പരിസ്ഥിതി നയത്തിൽ ഉണ്ടായിരിക്കുന്നതാണ്. ജലസ്രോതസ്സുകൾ സംരക്ഷിക്കുക എന്നത് നമ്മൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. ആവശ്യത്തിന് മഴ ലഭിക്കുന്ന നമ്മുടെ സംസ്ഥാനത്ത് കുടിവെള്ളത്തിനുപോലും നമ്മൾ ബുദ്ധിമുട്ടുന്നു.

അത് വരൾച്ച വന്നതുകൊണ്ടുമാത്രമല്ല. ഇക്കൊല്ലം വരൾച്ചയുണ്ട്. അത് പ്രത്യേകമായ സ്ഥിതിവിശേഷമാണ്. പക്ഷേ വരൾച്ചയില്ലാത്ത കാലത്തു പോലും കുടിവെള്ളത്തിന് ബുദ്ധിമുട്ടുന്ന സാഹചര്യമാണുള്ളത്. ഈ വർഷം ജലവർഷമായിട്ടാണ് നാം ആചരിക്കുന്നത്. ജലവർഷത്തിൽ ഗവൺമെന്റ് ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുവേണ്ടി ചില പ്രത്യേക പദ്ധതികൾക്ക് രൂപം കൊടുക്കുന്നുണ്ട്. നദികളിൽ തടയണകൾ നിർമ്മിക്കുക, കുളങ്ങൾ സംരക്ഷിക്കുക, മഴവെള്ള സംഭരണി നിർബന്ധമാക്കുക എന്നീ കാര്യങ്ങളെ ക്കുറിച്ച് ആലോചിക്കുന്നുണ്ട്. കേരളത്തിലെ 44 നദികൾ നമ്മുടെ അമൂല്യ മായ സമ്പത്താണ് പക്ഷേ ആ നദികളെല്ലാം പല രീതിയിലുള്ള ഭീഷണികൾ നേരിടുകയാണ്. നദികളിൽ വെള്ളത്തിന്റെ സ്രോതസ്സ് കുറയുകയും ജലം മലിനമാകുകയും ചെയ്യുന്നു. ഇത് രണ്ടും കേരളം നേരിടുന്ന വെല്ലുവിളികളാ ണ്. മഴ പെയ്താൽ 24 മണിക്കൂറിനുള്ളിൽ വെള്ളം ഒഴുകി കടലിലെത്തുന്ന സാഹചര്യമാണ് ഇന്നുള്ളത്. മഴവെള്ളം തടഞ്ഞുനിർത്താനും മഴയില്ലാത്ത അവസരങ്ങളിൽ പ്രയോജനപ്പെടുത്താനും സാധിക്കത്തക്കവിധത്തിലുള്ള സ്ട്രാറ്റജി നദികളിൽ തടയണകൾ നിർമ്മിക്കുക തന്നെയാണ്. അതിന് വിവിധ പരിപാടികൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടാമത്തേത് കുളങ്ങൾ സംരക്ഷിക്കുക എന്നതാണ്. കഴിഞ്ഞ ദിവസം ഞാൻ പാലക്കാട് പോയപ്പോൾ അവിടെയുള്ള ജനപ്രതിനിധികളുമായി ഇക്കാര്യം ചർച്ച നടത്തിയിരുന്നു. പാലക്കാട് ജില്ലയിൽ 14,000 കുളങ്ങളാണുള്ളത്. അത് സംരക്ഷിക്കുന്നത് വലിയ ഒരു പരിപാടി ആയിരിക്കും. നിശ്ചിത അളവിൽ കൂടുതലുള്ള വീടുക ളിലും മറ്റ് കെട്ടിടങ്ങളിലും മഴവെള്ള സംഭരണി നിർബന്ധമാക്കിയിട്ടുണ്ട്. അതുപോലെ നിലവിലുള്ള കെട്ടിടങ്ങളിൽ സമയബന്ധിതമായി മഴവെള്ള

സംഭരണി സ്ഥാപിക്കും. ഈ മൂന്ന് സ്ട്രാറ്റജിയിൽകൂടി ജലസ്രോതസ്സുകൾ സംരക്ഷിച്ച് വെള്ളത്തിന്റെ ക്ഷാമം പരിഹരിക്കുന്നതിനുള്ള ഒരു പ്രത്യേക പദ്ധതിയാണുദ്ദേശിക്കുന്നത്. നമ്മുടെ നദികളും സംരക്ഷിക്കപ്പെടണം. ശാസ്താംകോട്ട കായൽ, അഷ്ടമുടിക്കായൽ, വേമ്പനാട് കായൽ ഇവയിലൊക്കെ ജലത്തിന്റെ അളവ് കുറയുകയും ജലം മലിനമാവുകയും ചെയ്യുന്നു. ഇവ സംരക്ഷിക്കുന്നതിനായുള്ള പ്രത്യേക പരിപാടികളുണ്ട്. ഈ ബഡ്ജറ്റിൽ നദീസംരക്ഷ അതോറിറ്റി രൂപീകരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇക്കാര്യങ്ങളിൽ പരമാവധി പരിഗണന നൽകുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ വിഷൻ 2030-ൽ പരിസ്ഥിതിക്ക് പ്രത്യേകമായ പ്രാധാന്യം കൊടുക്കണമെന്ന് പറഞ്ഞു. അതിന്റെ ഡ്രാഫ്റ്റ് ആയിട്ടുണ്ട്. വികസന പ്രവർത്തനങ്ങളെല്ലാം പരിസ്ഥിതിക്ക് അനുസൃതമായ രീതിയിൽ രൂപപ്പെടുത്തണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. വിഷൻ 2030 പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടുള്ള വികസനോന്മുഖ ആസൂത്രണമായിട്ടാണ് ഉദ്ദേശിക്കുന്നത്. പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കാനും വികസന പദ്ധതികൾ പരിസ്ഥിതി സൗഹൃദപരമാക്കാനും ഏറ്റവും മുഖ്യമായി സംസ്ഥാനത്ത് ജലഭദ്രമാക്കാനും (വാട്ടർ പോസിറ്റീവ്) ഉദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കുന്നതാണെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. പാലോട് രവി: സർ, പരിസ്ഥിതിക്ക് പ്രാധാന്യം നൽകുന്നതിനായി തയ്യാറാക്കിവച്ചിരിക്കുന്ന കരട് നയത്തിൽ വിദഗ്ധരേയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി പ്രസ്തുത ഭൂനയം, എന്നത്തേയ്ക്ക് വിജ്ഞാപനം ചെയ്യാൻ കഴിയും? അശാസ്ത്രിയമായ പാറമടകൾ പശ്ചിമഘട്ടത്തിന്റെ വലിയ നാശത്തിനാണ് വഴിവയ്ക്കുന്നത്. യാതൊരു പാരിസ്ഥിതിക ആഘാത

പഠനവും ഇല്ലാതെയാണ് ഇപ്പോൾ പാറ ഖനനത്തിന് അനുമതി നൽകിയിരിക്കുന്നത്. Deepak Kumar v. State of Haryana കേസ്സിലെ സുപ്രീംകോടതി വിധി ഖനനപരിസ്ഥിതിക്ക് പ്രത്യേകമായ പ്രാധാന്യം കൊടുക്കണമെന്ന് പറഞ്ഞു. അതിന്റെ ഡ്രാഫ്ട് ആയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ പാരിസ്ഥിതിക ആഘാത പഠനം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, നമ്മൾ എല്ലാകാര്യത്തിനും പാരസ്ഥിതിക ആഘാത പഠനം നിർബന്ധമാക്കുകയാണ്. കാരണം അത് ഉണ്ടായേ മതിയാകുകയുള്ളൂ. അത് പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്. വിഷൻ 2030–നെക്കുറിച്ച് എം.എൽ.എ.മാർക്ക് പ്രസന്റേഷൻ നടത്തുന്നതാണ്. അതുസംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അവസരവും ഉണ്ടാകും. ആ കാര്യത്തിൽ എല്ലാ എം.എൽ.എ. മാരുടെയും സഹകരണം ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഭൂമി ട്രാൻസാക്ഷൻ നടത്തിയാൽ കൃഷിക്കുവേണ്ടി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്ന ഒരു നിയമം കൊണ്ടുവരുമെന്ന് പറഞ്ഞിരുന്നു. അങ്ങനെയൊരു നിയമം കൊണ്ടുവരുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, കൃഷിഭൂമി കൃഷിക്കാർക്ക് മാത്രമേ കൈമാറ്റം ചെയ്യാവൂ എന്ന നിലയിൽ ഒരു നിയമനിർമ്മാണം ഉണ്ടാകുമെന്ന് ഞാൻ പറഞ്ഞിട്ടുള്ളതാണ്. നിയമവകുപ്പ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. മറ്റ് ചില സംസ്ഥാനങ്ങളിൽ അത് ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്. ആ നിയമം ഇവിടെയും കൊണ്ടുവരാനുദ്ദേശിക്കുന്നു.

## (2) മത്സ്യത്തൊഴിലാളികളെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തൽ

ശ്രീ. കെ. ദാസൻ: സർ, സമൃദ്ധമായ മത്സ്യസമ്പത്തിനാൽ അനുഗ്രഹീതമാണ് നമ്മുടെ സംസ്ഥാനം. വലുതും ചെറുതുമായ നദികളും ജലാശയങ്ങളും 590 കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശവും അവിടെ 222 കടലോര ഗ്രാമങ്ങളുമുണ്ട്. മുഖ്യ ഉപജീവനമാർഗ്ഗം മത്സ്യബന്ധനവും അനുബന്ധതൊഴിലുമാണ്. മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ ജീവിത ചുറ്റുപ്പാടുകളും സാമൂഹിക സാമ്പത്തിക നിലവാരങ്ങളും പരിതാപകരമാകുന്നു. ഇക്കാരണത്താൽ സാമൂഹിക വികസന പ്രക്രിയയിൽ നിന്ന് വ്യതിചലിച്ച് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗമായി ഇവർമാറിക്കൊണ്ടിരിക്കുന്നു. മാറിമാറി വരുന്ന സർക്കാരുകൾ നിരവധി ക്ഷേമപ്രവർത്തനങ്ങൾ ഈ മേഖലയിൽ നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ശരിയാണ്. എപ്പോഴും അപകടം കടന്നെത്തുന്ന തൊഴിലാണ് മീൻപിടുത്തം. ഏറ്റവും ദുർഘടമായ ഖനിത്തൊഴിലാളികളെക്കാൾ എത്രയോ ഇരട്ടിയാണ് മീൻപിടുത്തക്കാരുടെ ജീവഹാനി സാധ്യത. തലമുറകളായി കടലിലും കായലിലും ജോലിചെയ്ത് ഉപജീവനം തേടുകയും മത്സ്യ ഉൽപ്പാദനമേഖലയെ സമ്പന്നമാക്കി സമുദ്രജന്യ പോഷകാഹാര സുരക്ഷയ്ക്ക് കൂടുതൽ വരുമാനമുണ്ടാക്കിക്കൊടുക്കുന്ന പരമ്പരാഗത മത്സ്യതൊഴിലാളികളും ഇവരെകൂടാതെ അനുബന്ധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളും ഉൾപ്പടെ ഏതാണ്ട് 11 ലക്ഷത്തോളം മത്സ്യത്തൊഴിലാളികൾ കേരളത്തിലുണ്ടെന്നും ഇൻഡ്യയുടെ മത്സ്യകയറ്റുമതിയുടെ 15% കേരളത്തിൽ നിന്നാണെന്നുമാണ് കണക്ക്. കോടിക്കണക്കിന് ഡോളർ നമ്മുടെ നാടിന് നേടിത്തരുന്ന മത്സ്യത്തൊഴിലാളികൾ എല്ലാമേഖലകളിലും

പിന്നോക്കം നിൽക്കുന്ന സമൂഹമാണ്. ഭവന നിർമ്മാണം, സാനിട്ടേഷൻ, വൈദ്യുതി, ശുദ്ധജലവിതരണം, ആരോഗ്യ പരിപാലനം എന്നീമേഖലകളിൽ ഈ നേട്ടങ്ങളെല്ലാം കൈവരിക്കാൻ ഇനിയും നമുക്ക് ബഹുദൂരം സഞ്ചരിക്കേണ്ടതായിട്ടുണ്ട്. യന്ത്രവൽകൃത ബോട്ടുകളിൽ ജോലിചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്ക് ട്രോളിംഗ് നിരോധനകാലത്ത് സൗജന്യ റേഷൻ ലഭിക്കുമ്പോൾ മറ്റ് വള്ളങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് സൗജന്യറേഷൻ ലഭിക്കുന്നില്ല എന്നുള്ളത് ഖേദകരമാണ്. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ കടലമ്മയുടെ കനിവുതേടി ആഴക്കടലിൽ എത്തി ജോലിചെയ്യുന്ന ഈ തൊഴിലാളികൾക്ക് കഠിനമായി ജോലിചെയ്താൽപ്പോലും ഒന്നുംകിട്ടാതെ വെറുംകയ്യോടെ തിരിച്ചുവരേണ്ട അവസ്ഥയാണുള്ളത്. മത്സ്യതൊഴിലാളി സമൂഹത്തിന്റെ ദാരിദ്ര്യവും പോഷകാഹാരക്കുറവും കണക്കിലെടുത്ത് ഇവരെ ബി.പി.എൽ. പട്ടികയിലേയ്ക്ക് ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ഇവർ നേരിടുന്ന ഏറ്റവും ദുഃഖകരമായ കാര്യം നിരവധി കുടുംബങ്ങൾ ഒരു വീട്ടിലാണ് താമസമെങ്കിലും അവർക്ക് ഒരു കാർഡ് മാത്രമാണുള്ളത്. ജനസാന്ദ്രത കൂടുതലുള്ള കടലോരത്ത് ഇവർ ഇന്നും കൂട്ടുകുടുംബമായിട്ടാണ് കഴിഞ്ഞുവരുന്നത്. വീട് വയ്ക്കാനാവശ്യമായ ഭൂമിയില്ലാത്ത എത്രയോ കുടുംബങ്ങൾ ഇന്നുണ്ട്. സാമ്പത്തികമായും ആരോഗ്യപരമായും പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികളുടെ ദാരിദ്ര്യവും പോഷകാഹാരക്കുറവും ശ്രദ്ധേയമാണ്. നല്ലൊരു ശതമാനം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ വിവിധ കാരണങ്ങളാലിന്ന് എ.പി.എൽ റേഷൻകാർഡ് ഉടമകളാണ്. എ.പി.എൽ. റേഷൻ കാർഡ് ഉടമകളായതുകൊണ്ട് മെഡിക്കൽകോളേജിൽ പോയാൽ അവർക്ക് സൗജന്യ ചികിത്സ നിഷേധിക്കപ്പെടുകയാണ്. മറ്റ് സർക്കാർ ആശുപത്രികളിലും പരിഗണന ലഭിക്കുന്നില്ല. അതു

പോലെ അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് രക്ഷിതാക്കൾ ഉയർന്ന ഫീസ് കൊടുക്കേണ്ടിവരുന്നുണ്ട്. വിവിധ ക്ഷേമ പദ്ധതികൾ ഇവരുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിനുവേണ്ടി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ബി.പി.എൽ. പട്ടികയിൽ അല്ലാത്തതിനാൽ അവർക്ക് അതൊക്കെ നിഷേധിക്കപ്പെടുകയാണ്. റേഷൻ കടകളും, മാവേലി സ്റ്റോറുകളും സബ്സിഡി നിരക്കിൽ നൽകുന്ന അരിയും പലവ്യഞ്ജനങ്ങളും ഇവർക്ക് കിട്ടാതെപ്പോകുന്നു. അതുകൊണ്ട് മത്സ്യത്തൊഴിലാളികളെയെല്ലാം ബി.പി. എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും അവർക്ക് സൗജന്യ റേഷൻ ഉൾപ്പെടെയുള്ള ഇന്ന് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കളാക്കി മാറ്റുന്നതിനും അടിയന്തരനടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലാണ് ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. അതിന്റെ വെയിറ്റേജും സൂചകങ്ങളുമെല്ലാം കേരളത്തിന്റെ തനതായിട്ടുള്ള പ്രശ്നങ്ങളെ കണക്കാക്കിക്കൊണ്ടായിരുന്നില്ല കേന്ദ്രഗവൺമെന്റ് തയ്യാറാക്കിയിരുന്നത്. അതുകൊണ്ടുതന്നെ മത്സ്യതൊഴിലാളികളോടുള്ള പ്രത്യേക പരിഗണന ഇതിനാവശ്യമായി വന്നിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച 9 ക്ലേശഘടകങ്ങളിൽ സംസ്ഥാന ഗവൺമെന്റ് മത്സ്യത്തൊഴിലാളികൾക്ക് 10 മാർക്ക് ലഭിക്കുന്നതിനുവേണ്ടിയിട്ടുള്ള പുതിയ ക്ലേശഘടങ്ങൾകൂടി 2009-ൽ ചേർത്തിരുന്നു. എന്നിട്ടും പല കുടുംബങ്ങളും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാതെപ്പോയിട്ടുണ്ട്. അങ്ങനെ ഉൾപ്പെടാതെ പോയിട്ടുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താൻ സർക്കാർ ഉത്തരവുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എല്ലാം മീൻപ്പിടുത്തക്കാരെയും

അതുമായി ബന്ധപ്പെട്ട് അനുബന്ധ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന മുഴുവൻ മത്സ്യത്തൊഴിലാളികളെയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കേരളത്തിൽ 222 തീരദേശ മത്സ്യ ഗ്രാമങ്ങളിലും 113 ഉൾനാടൻ മത്സ്യ ഗ്രാമങ്ങളിലുമായി 11.30 ലക്ഷത്തോളം മത്സ്യത്തൊഴിലാളികളും തീരദേശ മത്സ്യഗ്രാമങ്ങളിലെ ഏകദേശം പതിനെട്ടായിരത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങളും കുടിലുകളിലാണ് താമസിക്കുന്നത്. ഇതിനുപുറമെ പതിനൊന്നായിരത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവരാണ്. സമ്പദ്ഘടനയുടെ 3 ശതമാനത്തോളം സംഭാവന ചെയ്യുന്നതും മത്സ്യമേഖലയാണ്. ഇൻഡ്യയുടെ ആകെ മത്സ്യബന്ധനത്തിന്റെ 3 ശതമാനവും കേരളത്തിന്റെ സംഭാവനയാണ്. പൂർണ്ണമായും യന്ത്രവൽകൃത മത്സ്യബന്ധനം നടത്തുന്നവർ 52 ശതമാനത്തോളം വരും. പരമ്പരാഗത മേഖലയിൽ ഉൾപ്പെടുന്നതെങ്കിലും യന്ത്ര സഹായത്താൽ മത്സ്യബന്ധനം നടത്തുന്നവർ 46 ശതമാനത്തോളമാണ്. പരമ്പരാഗത മേഖലയിൽ മത്സ്യബന്ധനത്തിലേർപ്പെടുന്നവർ 2 ശതമാനം വരുമെന്നാണ് കണക്കുകൾ കാണിക്കുന്നത്. നിയതമായ ഒരു വരുമാനമാർഗ്ഗമില്ലാത്ത ഈ വിഭാഗം പൂർണ്ണമായും മത്സ്യലഭ്യതയെ മാത്രം ആശ്രയിച്ചാണ് കഴിയുന്നത്. മത്സ്യലഭ്യത കൂടുന്ന മാസങ്ങളിൽ സാമ്പത്തികഭദ്രത ഉള്ളതായി തോന്നുമെങ്കിലും മത്സ്യത്തിന്റെ ലഭ്യത കുറവായ പഞ്ഞമാസങ്ങളിൽ തീർത്തും ദാരിദ്ര്യവും

ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയരുമാണവർ. വരുമാനം കിട്ടുന്ന മാസങ്ങളിൽ സ്വായത്തമാക്കുന്ന ജീവിതസൗകര്യങ്ങൾ പരിഗണിച്ച് ഫിഷറീസ് വകുപ്പ് വഴി നടപ്പാക്കുന്ന 'സമ്പാദ്യ സമാശ്വാസ പദ്ധതി'യിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ എല്ലാ മത്സ്യത്തൊഴിലാളികളെയും എ.പി.എൽ. ബി.പി.എൽ. ഭേദമില്ലാതെ അംഗങ്ങളാക്കുന്നതിന് 18.11.2011-ൽ ഈ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ബി.പി.എൽ വിഭാഗത്തെ നിശ്ചയിക്കുന്നതിന് കേന്ദ്രഗവൺമെന്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളുണ്ട്. ആ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ബി.പി.എൽ. ലിസ്റ്റ് തീരുമാനിക്കുന്നത്. സംസ്ഥാന ഗ്രാമവികസന വകുപ്പാണ് ഇത് സംബന്ധിച്ചുള്ള സർവ്വെ നടത്തിക്കൊണ്ടിരിക്കുന്നത്. 2009-ൽ പ്രസിദ്ധീകരിച്ച ബി.പി.എൽ. ലിസ്റ്റാണ് ഇന്ന് നിലവിലുള്ളത്. പ്രസ്തുത സർവ്വെ അധിഷ്ഠിതമായ നിശ്ചിത സാമ്പത്തിക മാനദണ്ഡത്തിന് കീഴിൽവരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ കണ്ടെത്തുന്നതിനായി കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡപ്രകാരം 2012-ൽ ഗ്രാമവികസനവകുപ്പ് ഒരു സോഷ്യോ ഇക്കണോമിക് കാസ്റ്റ്സ് സെൻസസ് സംസ്ഥാനത്ത് നടത്തിയിരുന്നു. ഇതിന്റെ കരട് പ്രസിദ്ധീകരിച്ചിട്ടില്ല. ഇതിന്റെ കരട് പ്രസിദ്ധീകരിച്ചതിനുശേഷം ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളാനാവും. നമ്മുടെ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ മാത്രമല്ല, പട്ടികജാതിക്കാരും ആദിവാസികളും മുഴുവൻ ബി.പി.എൽ. വിഭാഗത്തിലല്ല. എല്ലാ വിഭാഗത്തിലും ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കിയതിൽ കുറച്ച് അപാകതകൾ ഉണ്ടായിട്ടുണ്ട്. അതാണിപ്പോൾ ഗ്രാമവികസന വകുപ്പ് സർവ്വേ നടത്തിക്കൊണ്ടിരിക്കുന്നത്. കേന്ദ്രഗവൺമെന്റിന്റെ വ്യവസ്ഥകൾക്ക

നുസൃതമായിട്ടാണ് ഈ സർവ്വേ നടത്തുന്നത്. ഗ്രാമപഞ്ചായത്തുകൾക്കും ഇതുമായി ബന്ധപ്പെട്ട് നല്ല പങ്കുണ്ട്. പക്ഷെ ഫിഷറീസ് വകുപ്പിന് ഏകപക്ഷീയമായി ഈ കാര്യത്തിൽ പ്രഖ്യാപനം നടത്താൻ ചില പരിമിതികളുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് പ്രയാസങ്ങളുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. അതുകൊണ്ടാണ് എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ മുഴുവൻ ക്ഷേമനിധി അംഗങ്ങൾക്കും നേരത്തെ ഈ സമാശ്വാസ പദ്ധതി നൽകുവാനുള്ള നടപടി സ്വീകരിച്ചത്. ഇത് വളരെ വിശദമായ പരിശോധന ആവശ്യമായ കാര്യമാണ്. സർവ്വേ റിപ്പോർട്ട് പ്രസിദ്ധീകരിച്ചതിനുശേഷം അപാകതകളുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നടപടിയെക്കുറിച്ച് ആലോചിക്കാം.

ശ്രീ. കെ. ദാസൻ: സർ, കേന്ദ്രഗവൺമെന്റിന്റെ മാർഗ്ഗരേഖയിലെ ക്ലേശഘടകങ്ങളിൽ മാറ്റം വരുത്താൻ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടുകൂടെ. അതിനാവശ്യമായ എന്തെങ്കിലും നടപടി ഗവൺമെൻറ് സ്വീകരിക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ബാബു): സർ, യഥാർത്ഥത്തിൽ ഇത് ഞാൻ നേരിട്ട് മറുപടി പറയേണ്ട ഒരു വിഷയമല്ല, എന്നാലും ഞാൻ പറയാം. കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള 9 ക്ലേശഘടകങ്ങൾ വച്ചുകൊണ്ടുള്ള സർവ്വേ ഗ്രാമവികസന വകുപ്പ് പൂർത്തീകരിച്ചുകഴിഞ്ഞു. ഇനിയിപ്പോൾ ഇത് മാറ്റിവയ്ക്കണമെന്ന് പറയുന്നത് എത്രത്തോളം പ്രായോഗികമാണെന്നുള്ളതിൽ സംശയമുണ്ട്. ഏതായാലും സർവ്വേ ലിസ്റ്റ് പ്രസിദ്ധീകരിച്ചുകഴിഞ്ഞതിനുശേഷം നമുക്കതിന്റെ പോരായ്മകളെക്കുറിച്ച് തീർച്ചയായും പരിശോധിക്കാം.

(സബ്മിഷൻ)